"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിൽ വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗുണഭോക്തൃ സമിതിക്ക് കൈമാറിയ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അടവാക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.972/2025/LSGD തീയതി,തിരുവനന്തപുരം, 16-04-2025

---

പരാമർശം:-
1. വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2023- ലെ തീരുമാനം നമ്പർ 20(1) (SRG-311/23/ CC/718/2023)
2. 16.10.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 2.2 -4.31
3. 30.01.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 2.2 -4.31

**ഉത്തരവ്**

പാലക്കാട് ജില്ല വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിവിധ കുടിവെള്ള പദ്ധതികൾ നിർമ്മിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. ജല ജീവൻ പദ്ധതി വരുന്നതുവരെ ഈ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃസമിതി തന്നെ നൽകിയിരുന്നു. എന്നാൽ ജലജീവൻ പദ്ധതിയിലൂടെ കുടിവെള്ളം ലഭിക്കുന്നതിനാൽ ഇപ്പോൾ ഗുണഭോക്തൃസമിതി വൈദ്യുതി ചാർജ് അടയ്ക്കുന്നില്ല. ആകെ 30 കുടിവെള്ള പദ്ധതിയുടെ കുടിശ്ശിക നൽകാനുള്ളതിൽ 14 എണ്ണത്തിന്റെ വൈദ്യുതി കണക്ഷൻ KSEB വിച്ഛേദിച്ചു കുടിശ്ശിക ഈടാക്കാനുള്ള റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ കുടിശ്ശിക തുക 84,923 രൂപയാണ്. ഈ തുക നൽകാൻ തനത് ഫണ്ട് ഇനത്തിൽ 1,00,000 രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ലഭ്യമായ അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗം പരിഗണിച്ചിരുന്നു.

2. പൊതുജനങ്ങളുടെ ആവശ്യത്തിന് വേണ്ടി മുകളിൽ പറഞ്ഞ കുടിവെള്ള പദ്ധതികൾ നിലനിർത്തേണ്ടതുണ്ടോ, ഇവയിൽ ഏതൊക്കെയാണ് ഇപ്പോൾ

പ്രവർത്തന സജ്ജം, കുടിവെള്ള സംരക്ഷണത്തിന്റെ ഭാഗമായി പ്രത്യേകം പരിപാലിച്ചു സംരക്ഷിക്കേണ്ട ജല സ്രോതസ്സ് ഉണ്ടോ, ഇനി ആവശ്യമില്ലാത്തവയാണെങ്കിൽ അവയുടെ മോട്ടോർ അടക്കമുള്ളവ എന്തു ചെയ്യണം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തിയുടെ ലിസ്റ്റ് സഹിതം റിപ്പോർട്ട് നൽകാൻ പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തദ്ദേശസ്വയംഭരണവകുപ്പ് (റൂറൽ) ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

3. കുടിവെള്ള പദ്ധതികൾ എല്ലാം തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും, ഈ പദ്ധതികൾ ഇനി നിലനിർത്തേണ്ടതില്ലെന്നും ഇവയുടെ മോട്ടോറുകൾ അടക്കമുള്ളവ ലേലം ചെയ്യുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെന്നും ഡയറക്ടർ (റൂറൽ) കോർഡിനേഷൻ സമിതി മുൻപാകെ റിപ്പോർട്ട് ചെയ്തിരുന്നു. ഗുണഭോക്തൃ സമിതിയിൽ നിന്ന് തുക പിരിച്ചെടുത്ത ഒരെണ്ണമൊഴികെ മറ്റെല്ലാത്തിന്റെയും കടിശ്ശിക അടച്ചതായും ഇനിയുള്ള ഒരെണ്ണത്തിന്റെ കുടിശ്ശിക (കൺസ്യൂമർ നമ്പർ 1168218004066) തുകയായ 78,274 രൂപയിൽ 49,137 രൂപ അടച്ചു എന്നും ഇനി 29,137 രൂപ മാത്രമാണ് അടയ്ക്കാനുള്ള കുടിശ്ശിക തുക എന്നും ഡയറക്ടർ (റൂറൽ) കോർഡിനേഷൻ സമിതി മുൻപാകെ റിപ്പോർട്ട് ചെയ്തിരുന്നു. കടിശ്ശിക മിക്കതും അടവാക്കിയ സാഹചര്യത്തിൽ ഗുണഭോക്തൃ സമിതി 29,137 രൂപ നൽകിയില്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ഈ തുക അടയ്ക്കാൻ അനുമതി നൽകാൻ പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗുണഭോക്തൃ സമിതിക്ക് കൈമാറിയ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക ഇനത്തിൽ (കൺസ്യൂമർ നമ്പർ 1168218004066) അടവാക്കാനുള്ള 29,137 രൂപ ഗുണഭോക്തൃ സമിതി നൽകിയില്ലെങ്കിൽ അത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അടവാക്കുവാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHEEJA R S**

ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, വിളയൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shajja R M
Date: 16-04-2025 13:28:15

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്